(എഫ്) കോർപ്പറേഷൻ ഫാക്ടറികളും കാപ്പക്സ് ഫാക്ടറികളും അടഞ്ഞുകിടക്കുകയാണെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഫാക്ടറികൾ എന്ന് തുറക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കശുവണ്ടി വികസന കോർപ്പറേഷന്റെ കടബാദ്ധ്യതകൾ തീർക്കാനായി ദീർഘ കാല വായ്പ അനുവദിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) പാക്കിംഗ് ക്രെഡിറ്റ് ഇനത്തിൽ 50 കോടി രൂപയ്ക്കും ലെറ്റർ ഓഫ് ക്രെഡിറ്റ് ഇനത്തിൽ 25 കോടി രൂപയ്ക്കും ഗ്യാരന്റി 2004-ലേക്ക് പുതുക്കിനൽകണമെന്ന് കോർപ്പറേഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുത്തിട്ടില്ല.

(സി) ഉണ്ട്. എന്നാൽ കടബാദ്ധ്യത തീർക്കുന്ന കാര്യത്തിലും ഗ്യാരന്റി പുതുക്കുന്ന കാര്യത്തിലും അന്തിമ ഉത്തരവും പുറപ്പെടുവിച്ചുകഴിഞ്ഞാലേ തുക പിൻവലിക്കാനാകൂ.

(ഡി) പാക്കിംഗ് ക്രെഡിറ്റിന്മേൽ 50 കോടി രൂപയും ലെറ്റർ ഓഫ് ക്രെഡിറ്റ് വകയിൽ 25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(ഇ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം 8/2001 മുതൽ 24-8-2003വരെയുള്ള കാലയളവിൽ കോർപ്പറേഷൻ ഫാക്ടറികളിൽ പ്രോസസിംഗ് ജോലികൾ ഇല്ലാതെ അടച്ചിട്ടിരിക്കുകയായിരുന്നു. 25-8-2003 മുതൽ ജോലി പുനരാരംഭിച്ച് കോർപ്പറേഷൻ തൊഴിലാളികൾക്ക് ഇതുവരെ 18 ദിവസത്തെ തൊഴിൽ നൽകിയിട്ടുണ്ട്. കാപ്പക്സിൽ 2002-ൽ 29 ദിവസവും 2003-ൽ 31 ദിവസവും തൊഴിൽ നൽകിയിട്ടുണ്ട്.

(എഫ്) ഉണ്ട്. കശുവണ്ടി വികസന കോർപ്പറേഷന്റെ ബാദ്ധ്യതകൾ തീർക്കുന്നതിനായി ദീർഘകാല വായ്പ അനുവദിക്കുന്ന കാര്യം സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അന്തിമ ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞ് ബാങ്കുവായ്പകൾ ലഭ്യമായിത്തുടങ്ങുന്നമുറയ്ക്ക് ഫാക്ടറികൾ തുറക്കുന്നതിനുള്ള നടപടിയെടുക്കുന്നതാണ്.

എഴുകോൺ, നെടുവത്തൂർ, കല്ലുമ്പലം, മുഖത്തല എന്നിവിടങ്ങളിലെ കശുവണ്ടി ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കാത്തതിനാൽ തൊഴിലാളികൾക്കുള്ള ബുദ്ധിമുട്ട്

32 [1171] ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീംകോടതി ഉത്തരവിനെ തുടർന്ന് കേരളാ കശുവണ്ടി കോർപ്പറേഷനുകീഴിൽ പ്രവർത്തിച്ചിരുന്ന എഴുകോൺ, നെടുവത്തൂർ, കല്ലുമ്പലം, മുഖത്തല എന്നിവിടങ്ങളിലെ ഫാക്ടറികൾ മുൻ ഉടമകൾക്ക് തിരികെ നൽകിയെങ്കിലും തുറന്നുപ്രവർത്തിപ്പിക്കാൻ ഫാക്ടറി ഉടമകൾ തയ്യാറായിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ഫാക്ടറികളിൽ പണിയെടുത്തിരുന്ന തൊഴിലാളികൾക്ക്, കോർപ്പറേഷൻ തൊഴിലാളികൾക്ക് ലഭിക്കുന്ന തരത്തിലുള്ള യാതൊരു ആനുകൂല്യങ്ങളും ലഭിക്കുന്നില്ല എന്ന സംഗതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ ഫാക്ടറികളിലെ തൊഴിലാളികളുടെ ബുദ്ധിമുട്ടുകൾ സംബന്ധിച്ച് സർക്കാരിന് പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ഡി) ഇവിടെ തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഇ) അത് സംബന്ധിച്ച വിശദവിവരങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫാക്ടറികൾ തിരികെ നൽകാനുള്ള ബഹു. ഹൈക്കോടതി ഉത്തരവിൽ ഫാക്ടറികൾ തിരികെ നൽകുന്ന തീയതി വരെയുള്ള എല്ലാ ആനുകൂല്യങ്ങളും കോർപ്പറേഷൻ നൽകണമെന്നും ആയതിനുശേഷമുള്ള ആനുകൂല്യങ്ങൾ സ്വകാര്യ ഉടമകൾ നൽകണമെന്നും ഉത്തരവായിട്ടുള്ളതാണ്. കൂടാതെ ഗ്രാറ്റുവിറ്റിയുടെ കാര്യത്തിൽ കോർപ്പറേഷൻ എൽ. ഐ. സി.-യുടെ ഗ്രൂപ്പ് ഗ്രാറ്റുവിറ്റി സ്കീമിൽ ചേർന്ന് ഫാക്ടറികൾ തിരികെ നൽകുന്ന തീയതി വരെയുള്ള പ്രീമിയം കോർപ്പറേഷൻ അടയ്ക്കാനും ആയതിനുശേഷമുള്ളത് സ്വകാര്യഉടമ അടയ്ക്കാനും നിർദ്ദേശിച്ചിരിക്കുന്നു. വിട്ടുകൊടുത്ത ഫാക്ടറികളിലെ ജീവനക്കാർക്ക് കോർപ്പറേഷൻ നടത്തിയിരുന്ന കാലയളവിലെ ഗ്രാറ്റുവിറ്റി ഒഴികെയുള്ള എല്ലാ ആനുകൂല്യങ്ങളും നൽകിയിട്ടുണ്ട്. ഗ്രൂപ്പ് ഗ്രാറ്റുവിറ്റി പ്രകാരമുള്ള ഗ്രാറ്റുവിറ്റിയുടെ പ്രീമിയം അടയ്ക്കുന്നതിലേക്ക് പ്രീമിയം ഫിക്സ് ചെയ്ത് നൽകാൻ എൽ. ഐ. സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. തിരികെ വിട്ടുകൊടുത്ത ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കുവാനോ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകുവാനോ സ്വകാര്യഉടമകൾ ഇനിയും തയ്യാറായിട്ടില്ല. ഇതു സംബന്ധിച്ച് കശുവണ്ടി കോർപ്പറേഷൻ സുപ്രീംകോടതിയിൽ കോടതിയലക്ഷ്യകേസ് കൊടുത്തിരിക്കുകയാണ്.

(സി) ഉണ്ട്.

(ഡി, ഇ) ഈ ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കുവാൻ സർക്കാർ നിരന്തരമായി ശ്രമിച്ചുവരികയാണ്. വ്യവസായ വകുപ്പുമന്ത്രിയുടെയും തൊഴിൽവകുപ്പുമന്ത്രിയുടേയും തലത്തിൽ നെടുവത്തൂർ ഫാക്ടറി ഉടമയുമായും ബന്ധപ്പെട്ടവരുമായി ഒരു ചർച്ചനടത്തുകയുണ്ടായി. ആ ചർച്ചയുടെ തുടർനടപടിയെന്ന നിലയിൽ ഫാക്ടറി ഉടമയുമായി വിശദമായ ചർച്ച നടത്താൻ കശുവണ്ടി വികസന കോർപ്പറേഷൻ എം.ഡിയോട് ആവശ്യപ്പെട്ടിരിക്കുകയാണ്. തിരികെ വിട്ടുകൊടുത്തിരിക്കുന്ന ഫാക്ടറികൾ കോടതി നിശ്ചയിച്ച വ്യവസ്ഥകൾ പ്രകാരം തുറന്നുപ്രവർത്തിപ്പിക്കുവാനായി സ്വകാര്യ ഉടമകൾക്കെതിരെ കശുവണ്ടി വികസന കോർപ്പറേഷൻ സുപ്രീം കോടതിയിൽ കേസ് കൊടുത്തിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly